പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1418 30.01.2018 ൽ മറുപടിയ്ക്ക്

**മരങ്ങാട്ടുപള്ളി കരിങ്കുപള്ളി പുറമ്പോക്ക് സ്ഥലം പള്ളിക്ക് പതിച്ചു നൽകുന്നതു സംബന്ധിച്ച ഫയൽ**

**ചോദ്യം**
**ശ്രീ.മോൻസ് ജോസഫ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | മരങ്ങാട്ടുപള്ളി കരിങ്കുപള്ളിയിരിക്കുന്ന പുറമ്പോക്ക് വക സ്ഥലം പള്ളിക്ക് പതിച്ചു നൽകുന്നതു സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണർ ഓഫീസിൽ നിലനിൽക്കുന്ന 10/12/2016-ാം തീയതിയിലെ LRJ6/46517/16 ഫയലിൽ സ്വീകരിച്ചിരിക്കുന്ന തുടർ നടപടികളെന്തെന്ന് വ്യക്തമാക്കാമോ; | (എ) യും, (ബി) യും മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ ബ്ലോക്ക് നമ്പർ 06, സർവ്വെ നമ്പർ 380/3-ൽപ്പെട്ട 10 സെന്റോളം വരുന്ന ഭൂമി മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻ പള്ളി കൈവശം വച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ കെ5-47006/16-ാം നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. പതിവ് സംബന്ധമായ ഫയലാണെന്ന ധാരണയിൽ 'ജെ' സെക്ഷനിൽ എത്തിയ ഫയൽ കേരള ഭൂ സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ നടക്കുന്നതിനാൽ 'കെ' -യിലേക്ക് കൈമാറുകയായിരുന്നു എന്നും ഇതിനിടയിൽ വന്ന കാലതാമസമാണ് കാണുന്നത് എന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിരിക്കുന്നു. ഈ വിഷയം എ1/87/2016/റവ നമ്പർ ഫയലിൽ സർക്കാരിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഫയൽ ഇപ്പോൾ കമ്മീഷണർ ഓഫീസിലെ ഏതു സീറ്റിലാണ് കൈകാര്യം ചെയ്യുന്നത്; ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസമെന്തെന്ന് അറിയിക്കാമോ; പ്രസ്തുത ഫയൽ സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ എന്നയച്ചുവെന്നും പ്രസ്തുത ഫയലിന്റെ വകുപ്പിലെ ഫയൽ നമ്പറും വ്യക്തമാക്കാമോ; | |
| (സി) | പ്രസ്തുത ഫയൽ നിലവിൽ കമ്മീഷണർ ഓഫീസിൽ ആരുടെ പക്കലാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സീറ്റുകളിൽ ഫയൽ എത്ര ദിവസം തീരുമാനമാകാതെയിരുന്നു എന്ന് വ്യക്തമാക്കാമോ; ഫയൽ കൈകാര്യം ചെയ്യുന്നതിലുള്ള കാലതാമസത്തെ കുറിച്ച് അന്വേഷണം നടത്തുമോ? | (സി) നിലവിൽ കെ5 സീറ്റിൽ കൈകാര്യം ചെയ്തു വരുന്നു. കേരള ഭൂ സംരക്ഷ നടപടികൾ പ്രകാരം അഡീഷണൽ തഹസിൽദാർ സ്വീകരിച്ച നടപടികളിൽ ആക്ഷേപമുണ്ടെങ്കിൽ കേരള ഭൂ സംരക്ഷണ നിയമം സെക്ഷൻ 16(1) പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ നൽകുവാൻ കക്ഷിയെ 25.05.2017-ലെ കെ5-47006/16-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് എന്നും എന്നാൽ അംഗീകരിച്ച കത്ത് ഡെസ്പാച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി അയച്ചതായി കാണാത്തതിനാൽ ശ്രദ്ധയിൽപ്പെട്ടയുടൻ കത്ത് ബന്ധപ്പെട്ടവർക്ക് അയച്ചിട്ടുണ്ടെന്നും കത്ത് 'ഡെസ്പാച്ച്' ചെയ്യുന്നതിലെ കാലതാമസത്തെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ